**GOVERNMENT OF KERALA**

**Abstract**

Creation of Sixty additional posts in various categories at the Office of the Advocate General – Sanctioned - Orders Issued.

**LAW (INSPECTION) DEPARTMENT**

G.O (MS) No.25/2021/Law. Dated, Thiruvananthapuram, 18-02-2021.

Read: - 1. Letter No.SS 32/2017/AG dated 02-11-2017, 15-10-2019, 30-09-2020, 10-02-2021 of the Advocate General.
2. Work Study Report of the P&ARD dated 02-08-2018.
3. G.O (P)No.27/2021/Fin dated 10-02-2021.

## ORDER

The Personnel and Administrative Reforms Department had conducted a Work Study in the Office of the Advocate General and has recommended to create additional posts in various categories vide report read as 2nd above. Based on the said recommendation, the Advocate General has requested the Government to create sixty additional posts in various categories at the Office of the Advocate General.

The Government have examined the matter in detail in the light of the above facts and are pleased to create sixty additional posts in various categories at the Office of the Advocate General as detailed below:-

| *Sl. No* | *Category* | *Scale of Pay (Rs.)* | *No. of Posts* |
|---|---|---|---|
| 1. | Joint Secretary | 118100-163400 | 1 |
| 2. | Deputy Secretary | 107800-160000 | 2 |
| 3. | Under Secretary | 63700-123700 | 2 |
| 4. | Personal Assistant | 56500-118100 | 1 |
| 5. | Section Officer | 51400-110300 | 9 |
| 6. | Office Superintendent | 51400-110300 | 1 |
| 7. | Assistant | 39300-83000 | 23 |
| 8. | Computer Assistant | 27900-63700 | 3 |
| 9. | Clerical Assistant | 26500-60700 | 3 |
| 10. | Office Attendant | 23000-50200 | 15 |
| | ***Total*** | | ***60*** |

By order of the Governor,

***ARAVINTHA BABU P.K.,***

***Law Secretary***

To

1. The Advocate General, Kerala, Ernakulam.
2. The Registrar, High Court of Kerala, Ernakulam.
3. The Accountant General (A&E)/Audit, Kerala, Thiruvananthapuram.
4. The Secretary, Kerala Legislative Assembly, Thiruvananthapuram.
5. The Home Department, Government Secretariat.
6. The Personnel and Administrative Reforms Department.
7. The GA (SC) Department (vide decision of Council of Ministers as item No.4687 dated 15.02.2021)
8. The Finance (Expenditure-A) Department
9. The PS to the Hon'ble Chief Minister.
10. The P.S. to the Hon'ble Minister (Welfare of SC/ST/BC,Law,Culture & P.A.)
11. The Director of Information and Public Relations, Thiruvananthapuram
12. The Nodal Officer, Law (Web Portal) Department.
13. The P.A to Law Secretary.
14. P.A. to Special Secretary
15. The C.A to Additional Law Secretary, Law (Inspection) Department
16. Stock File/Office Copy.

***Forwarded/By Order***

***Section Officer***

-103-

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-02-2021

96)

ഫയൽ നം. 23089/ഇൻസ്‌പെ.1/2017/നിയമം. ഇനം നം: 4687

വിഷയം : നിയമ വകുപ്പ് - അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ വിവിധ കാറ്റഗറികളിലായി 60 അധിക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

15/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

408/21

സെക്രട്ടറി, നിയമ വകുപ്പ്.

16/2/2021

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.23089/ഇൻസ്പെ.1/2017/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ വിവിധ കാറ്റഗറികളിലായി 60 അധിക തസ്തികകൾ സൃഷ്ടിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05-02-2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട്<br>ഉണ്ട് |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എൻ.ജീവൻ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. അരവിന്ദ ബാബു.പി.കെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11-02-2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11-02-2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എ.കെ. ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12-02-2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12-02-2021 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ വിവിധ കാറ്റഗറികളിലായി അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 02.11.2017 ലെ SS32/2017/AG നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ 207 അധിക തസ്തികകൾ സൃഷ്ടിക്കണമെന്നാണ് അഭ്യർത്ഥിച്ചിരുന്നതെങ്കിലും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡി റിപ്പോർട്ട് പ്രകാരം അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ 118 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്.

3. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡി പ്രകാരമുള്ള 118 അധിക തസ്തികകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. Joint Secretary | - | 1 |
| 2. Deputy Secretary | - | 2 |
| 3. Under Secretary | - | 3 |
| 4. Section Officer | - | 12 |
| 5. Assistant | - | 43 |
| 6. Computer Assistant | - | 12 |
| 7. Personal Assistant | - | 2 |
| 8. Clerical Assistant | - | 6 |
| 9. Office Attendant | - | 30 |
| 10. Electrician | - | 1 |
| 11. Driver | - | 2 |
| 12. Night Watchman | - | 2 |
| 13. Office Superintendent | - | 2 |

4. അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ മേൽ പറഞ്ഞ 118 അധിക തസ്തികകൾ അനുവദിക്കുമ്പോൾ 2016 ലെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 4,59,42,000/- രൂപ (നാല് കോടി അൻപത്തൊൻപത് ലക്ഷത്തി നാല്പത്തിരണ്ടായിരം രൂപ) പ്രതിവർഷം അധിക സാമ്പത്തിക ബാദ്ധ്യത വരുന്നതാണെന്ന് പ്രസ്തുത 2018-ലെ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളതാണ്.

5. അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ 27-02-2019 തീയതിയിലെ U.O.(F).No.E.1095175:EXP-A1/52/2019-FIN നമ്പർ പ്രകാരം താഴെപ്പറയുന്ന അഭിപ്രായം പ്രസ്തുത വകുപ്പ് നൽകിയിട്ടുള്ളതാണ്:-

"The proposal to create additional posts in the Advocate General office is deferred for better times.

This has the approval of Hon. Minister (Finance).

AD is also informed that when the proposal is further submitted to this Department for scrutiny, it may cover the following details.

1) Nature of work of advocate general office by every section and by each category of officers with special reference to the role of advocate general office's man power in dealing with conduct of cases and its disposal wherein government is a party.

2) Average Number of cases dealt in a day in the High Court year wise from 2009 to 2018 and statistical data on disposal of cases year wise.

3)Suggestion to improve the efficiency of the man power in AG's office by the effective utilization of available manpower.

4) Details on the advancement of technology taken place in the AG's office over the years and consequent reduction in man power achieved by virtue of technological advancement required so as to reduce the manpower.

5) Special mentioning of the duty performed by the lower rung of employees like OA, CA, Clerks, Typist, Assistant etc.

6) Increase in the number of benches in High Court and KAT from 2012 onwards and the additional manpower required category wise directly in view of the increase number of benches in the court.

7) Reduction in work load taken place in the Advocate General office by the establishment of quasi judicial forums like KELSA, other Tribunals, etc.

8)Recast the proposal to a bare minimum of additional strength after having a thorough analysis of the existing man power, advancement of technology and additional work load."

6. തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് റിപ്പോർട്ട് ചെയ്ത പ്രകാരം 118 തസ്തികകൾ മാത്രം സൃഷ്ടിക്കുന്നതിലേയ്ക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും തേടിയപ്പോൾ ധനകാര്യ വകുപ്പ് 26-07-2019 തീയതിയിലെ U.O.(F).No.E.1095175/EXP-A1/52/2019-FIN പ്രകാരം താഴെ പറയുന്ന അഭിപ്രായം നൽകിയിട്ടുള്ളതാണ്:-

"അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഒന്നും ഭരണ വകുപ്പ് സമർപ്പിച്ചിട്ടില്ല. എന്നാൽ പഠന റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ തസ്തികകൾ ആവശ്യപ്പെട്ട സാഹചര്യത്തിലായിരിക്കാം പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ധനവകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ആയതിനാൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള 118 തസ്തികകൾ മാത്രം സൃഷ്ടിക്കുന്ന വിഷയം പുന:പരിശോധിക്കണം എന്ന് ആവശ്യപ്പെട്ടാണ് ഭരണ വകുപ്പ് ഫയൽ ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്നത്. ഭരണ വകുപ്പിന്റെ ഈ presumption ശരിയല്ല എന്നും അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച വിഷയത്തിലാണ് ധന വകുപ്പ് വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നത് എന്നും പ്രസ്തുത വിശദാംശങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാനാകൂ എന്നും അറിയിക്കുന്നു.

മാത്രമല്ല തപാൽ വർദ്ധിച്ചുവരുന്നു എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും വിവിധ വകുപ്പുകളുമായും പ്രത്യേകിച്ച് സെക്രട്ടറിയേറ്റിലെ വകുപ്പുകളുമായി filing/orders വിനിമയം സുഗമമാക്കുന്നതിനും ഏറ്റവും സൗകര്യപ്രദമായ ഇ ഓഫീസ് / ഇലക്ട്രോണിക് ഫയൽ മാനേജ്മെന്റ് സിസ്റ്റം വരുന്ന ആറുമാസത്തിനുള്ളിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും അറിയിക്കുന്നു.

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

7. മേൽ വിവരം അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ നിന്നും 15.10.2019 ൽ ലഭ്യമാക്കിയ റിപ്പോർട്ട് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് സമർപ്പിക്കുകയും 29-02-2020 തീയതിയിലെ U.O.(F). No.E.1095175: EXP-A1/52/2019-FIN പ്രകാരം ധനകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം നൽകിയിട്ടുള്ളതുമാണ്.-

"സംസ്ഥാനത്തിന്റെ നിലവിലെ സ്ഥിതി കണക്കിലെടുത്ത് അധിക സാമ്പത്തിക ബാദ്ധ്യത ഉളവാക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്ന ശുപാർശ ഇപ്പോൾ പരിഗണിക്കാനാവില്ലായെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

8. അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ 17-7-2013 തീയതിയിലാണ് അവസാനമായി 84 തസ്തികകൾ സൃഷ്ടിച്ചതെന്നും അതിനു ശേഷം ഓഫീസിലെയും ബ്രാഞ്ചുകളിലെയും ജോലി വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നും സെക്രട്ടേറിയറ്റിന് ശേഷം സംസ്ഥാനത്തെ പ്രധാനപ്പെട്ട ഓഫീസുകളിൽ ഒന്നായ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ മതിയായ എണ്ണം ജീവനക്കാർ ആവശ്യമുള്ളതാണെന്നും ഹൈക്കോടതിയിലെയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെയും സർക്കാർ കക്ഷിയാകുന്ന കേസുകളുടെ എണ്ണം ഉയരുന്ന സാഹചര്യത്തിൽ P&ARD നടത്തിയ പ്രവർത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അധിക തസ്തികകൾ അനുവദിക്കണമെന്നാണ് അഡ്വക്കേറ്റ് ജനറൽ ഇപ്പോൾ 30.09.2020 ലെ SS32/2017/AG നമ്പർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുള്ളത്.

9. ധനകാര്യ വകുപ്പ് ഇതിനു മുൻപ് അധിക തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ നിരാകരിച്ചിട്ടുള്ള സാഹചര്യത്തിൽ, അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള 118 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പുനഃ പരിശോധിക്കുന്നതിലേയ്ക്ക് ബഹു. നിയമ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രി മുമ്പാകെ ഫയൽ ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 05-02-2021 തീയതിയിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുള്ളതാണ്.

10. ആയതിനു വിധേയമായി മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകൾ സമർപ്പിച്ചപ്പോൾ ബഹു. ചീഫ് സെക്രട്ടറി " Kindly recast the proposal to a bare minimum of additional posts and also to revise the draft note for the Council of Ministers by incorporating the annual financial commitment based on the 11th pay revision report." എന്ന് 09-02-2021 തീയതിയിൽ ഉത്തരവായിട്ടുള്ളതാണ്.

11. തുടർന്ന് അഡ്വക്കേറ്റ് ജനറലിനോട് ഒരു പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നതും ആയത് 10-02-2021 തീയതിയിലെ SS32/2017/AG നമ്പർ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതുമാണ്.

12. ആദ്യഘട്ടം എന്ന നിലയിൽ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ 60 തസ്തികകൾ അനുവദിക്കണമെന്നും ആയതിന് 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 3,13,77,108/- രൂപ (മൂന്നു കോടി പതിമൂന്നു ലക്ഷത്തി എഴുപത്തിയേഴായിരത്തി നൂറ്റിയെട്ടു രൂപ മാത്രം ) പ്രതിവർഷ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നും അഡ്വക്കേറ്റ് ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

## തീരുമാനിക്കേണ്ട സംഗതി

അഡ്വക്കേറ്റ് ജനറൽ സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ വിവിധ കാറ്റഗറികളിലായി താഴെ പറയുന്ന 60 അധിക തസ്തികകൾ സൃഷ്ടിക്കാവുന്നതാണോ?

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1. | Joint Secretary | 1 |
| 2. | Deputy Secretary | 2 |
| 3. | Under Secretary | 2 |
| 4. | Section Officer | 9 |
| 5. | Assistant | 23 |
| 6. | Computer Assistant | 3 |
| 7. | Personal Assistant | 1 |
| 8. | Clerical Assistant | 3 |
| 9. | Office Attendant | 15 |
| 10. | Office Superintendent | 1 |
| | **ആകെ** | **60** |